# പ്രവാചക ജന്മദിനാഘോഷത്തിലുള്ള തിന്മകൾ

[ Malayalam –മലയാളം –مليالم]

# ﴿ منكرات الاحتفال بالمولد ﴾


إدارة موقع الصوفية

www.alsoufia.com

സയ്യിദ് സഅ്ഫർ സ്വാദിഖ്

ترجمة : سيد صعفر صادق



കോപറേറ്റീവ് ഓഫീസ് ഫോർ കാൾ & ഗൈഡൻസ്

റബ്വ - റിയാദ് - സൗദി അറേബ്യ

المكتتب التعاوني للدعوة وتوعية الجاليات بالربوة بمدينة

الرياض-المملكة العربية السعودية

islamhouse.com

1430 – 2009

بسم الله الرحمن الرحيم

الحمد لله، والصلاة والسلام على رسول الله.. وبعد:

ഇക്കാലത്ത് നടത്തപ്പെട്ട് കൊണ്ടിരിക്കുന്ന പ്രവാചകജന്മദിനാഘോഷത്തെ നിരക്ഷണം നടത്തുന്നവർക്ക് ധാരാളം അതിവിചിത്രവും അത്യത്ഭുതകരവുമായ സംഗതികൾ ദർശിക്കാൻ സാധിക്കുന്നതാണ് !!

കുഴപ്പങ്ങളും, തിൻമകളും.. തെറ്റുകളും, വിനോദങ്ങളും, സംഗീതവും.. പിശാചിൻെറ ശബ്ദവും, പാട്ടുകളും, കളികളും, മത വിരുദ്ധ കാര്യങ്ങളും.. ... അങ്ങിനെ നീണ്ടു പോകുന്നവ !!

ശൈഖ് മുഹമ്മദ് റശീദ് രിളാ(റ) പറയുന്നു: "ജന്മദിനാഘോഷം തെമ്മാടിത്തത്തിൻെറ ചന്തയാണ്, അതിൽ തിന്മയുടെ ഒരുപാട് കൂടാരങ്ങളുമുണ്ട്, മദ്യശാലകളും, നഗ്നകളായ നർത്തകിമാരുടെ നൃത്തമാസ്വദിക്കുവാനായി അവിടെ പുരുഷൻമാരും ഒത്ത് കൂടുകയും ചെയ്യുന്നു, അതുപോലെ ജനങ്ങളെ ചിരിപ്പിക്കുവാനായി ചീത്ത പ്രവർത്തികൾക്കും, പരിഹാസങ്ങൾക്കുമായി പ്രത്യേകം സ്ഥലങ്ങളും സജ്ജീകരിക്കുന്നു. ചിലർ മഖ്ബറകളിലും ഈ മൗലിദ് നടത്താറുണ്ട്.

പരസ്ത്രീ പുരുഷ മിശ്രണവും, തിൻമകളും, നിഷിദ്ധങ്ങളും, അമിതവ്യയവും ഇല്ലെങ്കിലും ശരി, പ്രവാചക ജന്മദിനാഘോഷം ഇതിനേക്കാളെല്ലാം വലിയ തിൻമകളിൽ നിന്ന് ഒഴിവാകുന്നില്ല, ആ വലിയ തിൻമ അല്ലാഹുവിൽ ശിർക്ക് ചെയ്യുക, പ്രവാചകൻെറ ദൗത്യ നിർവ്വഹണത്തിലും, ശരീഅത്ത് നമുക്ക് പരിപൂർണമായി എത്തിച്ച് തരുന്നതിലും തിരുമേനി ഭംഗം വരുത്തിയെന്ന അതി ഗൗരവതരമായ ആരോപണം ഉന്നയിക്കുകയാണ് ജൻമദിനം പുണ്യകരമാക്കുന്നതിലൂടെ ചെയ്യുന്നത്. മൗലൂദിൻെറ വിഷയത്തിൽ വിരചിതമായ ഗ്രന്ഥങ്ങൾ പരിശോധിക്കുമ്പോൾ അതിലെല്ലാം തന്നെ ധാരാളം കെട്ടുകഥകളും, പിഴച്ച വിശ്വാസങ്ങളും, കെട്ടിയുണ്ടാക്കിയ ഹദീസു

കളും കുത്തി നിറച്ചതായി നമുക്ക് കാണാൻ സാധിക്കുന്നു." റഷീദ് രിളയുടെ വാക്കുകൾ ഇവിടെ അവസാനിക്കുന്നു.

## പ്രവാചക ജന്മദിനാഘോഷത്തിലെ തിൻമകൾ:

1- സംഗീതവും, സംഗീതോപകരണങ്ങളും ഉപയോഗിക്കൽ, വ്യത്യസ്ഥ രൂപത്തിൽ ഉറക്കെ ശബ്ദമുണ്ടാക്കൽ, യുവതികളുടെ സാന്നിദ്ധ്യം പോലെയുള്ളവ.

'ഇബ്നുൽ ഹാജി' തൻെറ 'അൽമദ്ഖൽ' എന്ന ഗ്രന്ഥത്തിൽ പറയുന്നു: (അല്ലാഹു ശ്രേഷ്ഠമാക്കിയ കാലത്ത് ഈ സംഗതി ഉണ്ടായിരുന്നില്ല, അങ്ങിനെ നിഷിദ്ധങ്ങളും, ബിദ്അത്തുകളും ഉണ്ടാക്കിക്കൊണ്ട് കൂടുതൽ ആക്ഷേപകരവും, നിന്ദ്യകരവുമായ രൂപത്തിൽ ഈ ബിദ്അത്തുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്)

2- ഉന്നതനും പ്രതാപവാനുമായ അല്ലാഹുവിൻെറ ഗ്രന്ഥത്തോട് അനാദരവ് കാണിക്കൽ; നബിദിനാഘോഷങ്ങളിൽ സംഘടിപ്പിക്കുന്ന സംഗീതത്തോടൊപ്പം ക്വുർആനും കൂട്ടിക്കലർത്തുകയും, അവരുടെ സംഗീത പരിപാടികൾ ഖുർആൻ പാരായണം ചെയ്ത് കൊണ്ട് ആരംഭിക്കുകയും ചെയ്യുന്നു.

'ഇബ്നുൽ ഹാജി' പറയുന്നു: (ഇക്കാരണത്താൽ തന്നെ ഖുർആൻ പാരായണം ചെയ്യുന്നത് അൽപം നീണ്ടുപോയാൽ കേൾക്കുന്നവർക്ക് അത് അരോചകമുണ്ടാക്കുകയും, അവർ ഉദ്ദേശിക്കുന്ന സംഗീതം ആരംഭിക്കുന്നത് വരെ ശബ്ദകോലാഹലങ്ങൾ ഉണ്ടാക്കാൻ തുടങ്ങുകയും ചെയ്യുന്നു)

വീണ്ടും പറയുന്നു: (വിശ്വാസികളും, അല്ലാഹുവിനെ ഭയപ്പെടുകയും ചെയ്യുന്നവരുടെ സ്വഭാവം ഇങ്ങനെയല്ല, അവർ അവരുടെ രക്ഷിതാവിൻെറ വാക്കുകൾ കേൾക്കുവാൻ ആഗ്രഹിക്കുന്നവരാണ്)

അവരെ വിശേഷിപ്പിച്ച് കൊണ്ട് അല്ലാഹു ഖുർആനിൽ പറയുന്നു:

((وَإِذَا سَمِعُوا مَا أُنزِلَ إِلَى الرَّسُولِ تَرَى أَعْيُنَهُمْ تَفِيضُ مِنَ الدَّمْعِ مِمَّا عَرَفُوا مِنَ الْحَقِّ يَقُولُونَ رَبَّنَا آمَنَّا فَاكْتُبْنَا مَعَ الشَّاهِدِينَ)) [المائدة:٨٣]،

"റസൂലിന് അവതരിപ്പിക്കപ്പെട്ടത് അവർ കേട്ടാൽ സത്യം മനസ്സിലാക്കിയതിന്റെ ഫലമായി അവരുടെ കണ്ണുകളിൽ നിന്ന് കണ്ണുനീർ ഒഴുകുന്നതായി നിനക്ക് കാണാം. അവർ പറയും: ഞങ്ങളുടെ രക്ഷിതാവേ! ഞങ്ങൾ വിശ്വസിച്ചിരിക്കുന്നു. അതിനാൽ സത്യസാക്ഷികളോടൊപ്പം ഞങ്ങളെയും നീ രേഖപ്പെടുത്തേണമേ".

അല്ലാഹുവിൻെറ വാക്കുകൾ കേൾക്കുന്നവരുടെ സ്വഭാവം അല്ലാഹു വിശദീകരിക്കുകയുണ്ടായി. എന്നാൽ ഇവർ ഇതിന് നേരെ വിപരീതമായിട്ടാണ് പ്രവർത്തിച്ചു കൊണ്ടിരിക്കുന്നത്. അവർ തങ്ങളുടെ റബ്ബിൻെറ വചനങ്ങൾ കേട്ടതിന് ശേഷം ഒരിക്കലും ചെയ്യുവാൻ പാടില്ലാത്ത നൃത്തനൃത്യങ്ങളിലേക്കും, സംഗീതങ്ങളിലേക്കും, ഉൽസവങ്ങളിലേക്കും, ആഘോഷങ്ങളിലേക്കുമാണ് പ്രവേശിക്കുന്നത്.

فإنا لله وإنا إليه راجعون

(നാം അല്ലാഹുവിൽ നിന്നാണ്, നാം അവനിലേക്ക് തന്നെ മടങ്ങുക തന്നെ ചെയ്യുന്നതാണ്.) പാപങ്ങൾ ചെയ്യുവാൻ അവർക്ക് യാതൊരു ലജ്ജയുമില്ല, പിശാചിൻെറ പ്രവർത്തനങ്ങൾ ചെയ്തിട്ട്, രക്ഷിതാവിൽ നിന്ന് പ്രതിഫലം ആവശ്യപ്പെടുകയും ചെയ്യുന്നു. എന്നിട്ടവർ വാദിക്കുന്നത് ഞങ്ങൾ ആരാധനയിലും, നൻമയിലുമാണ് എന്നാണ്.!!
'ഇബ്നുൽ ഹാജി' പറയുന്നു: (അജ്ഞരായ ജനങ്ങളാണ് ഇത് ചെയ്യുന്നതെങ്കിൽ സമാധാനിക്കാമായിരുന്നു, പക്ഷേ, ഇത് അധിക ജനങ്ങളെയും വലയം ചെയ്തിരിക്കുന്നു, അവരിൽ വിജ്ഞാനമുണ്ടെന്ന് പറയുന്നവരും, ആ അറിവുകൊണ്ട് പ്രവർത്തിക്കുന്നവരും, അതു പോലെ ശൈഖുമാരും -ശൈഖ് എന്നത്കൊണ്ട് ഞാനുദ്ദേശിക്കുന്നത് മുരീദുമാരെ വളർത്തികൊണ്ടുവരുന്നവരെയാണ്- ഇവരെല്ലാം ഇതിൽ ഉൾപ്പെടുന്നവരാണ്. എങ്ങിനെയാണ് പിശാചിൻെറ കുതന്ത്രവും, ശപിക്കപ്പെട്ടവരുടെ വിശ്വാസവും ഇങ്ങനെയുള്ളവർക്ക് അറിയാതെ പോയത്.!!?

3- മീശ മുളക്കാത്ത ചെറിയ കുട്ടികളുമായുള്ള ഫിത്ന; ഈ ആഘോഷങ്ങളിൽ സംഗീതമാലപിക്കുന്നത് നല്ല വസ്ത്രം ധരിച്ച് ആകാരവും, നല്ലഭംഗിയുമുള്ളയുവാവായിരിക്കും, അതുപോലെ നൃത്തം ചെയ്യുന്നത് ആ ആൾക്കൂട്ടത്തിലെ അണിഞ്ഞൊരുങ്ങിയ ഒരാ ളായിരിക്കും, മാത്രമല്ല, ചിലപ്പോൾ സന്നിഹിതരായവർക്ക് വേണ്ടി പ്രസംഗിക്കുകയും ചെയ്തേക്കാം. ആഘോഷങ്ങളിൽ പങ്കെടുക്കാത്തവർ ചിലപ്പോൾ ആ യുവാവിനെ മറ്റു ചില സന്ദർഭങ്ങളിൽ സന്ദർശിക്കുകയും, അവനിൽ ആകൃഷ്ടരായി ഫിത്നയിൽ അകപ്പെടുകയും ചെയ്തേക്കാം. അവർ ഇങ്ങനെയുള്ള ആഘോഷങ്ങളിലേക്ക് വധുവിനെ പോലെ അണിഞ്ഞൊരുങ്ങിയാണ് സന്നിഹിതരാവുക, എന്നാൽ വധുവിന് ലജ്ജയും, ശാന്തതയുമുള്ളതിനാൽ ഫിത്ന കുറവായിരിക്കും, ഇവർ നല്ല സുഗന്ധങ്ങൾ പൂശിയും, ഭംഗിയുള്ള വസ്ത്രങ്ങൾ ധരിച്ച് കൊണ്ട് പതുക്കെ മന്ദം മന്ദം കടന്ന് വരിക. അവരുടെ നൃത്തവും, വാക്കുകളും ആളുകളെ വശീകരിക്കുന്ന

രൂപത്തിലായിരിക്കും. അങ്ങിനെ അവർ പരസ്പരം കെട്ടിപിടിച്ച് ആലിംഗനം ചെയ്യുന്നു, ആ സന്ദർഭങ്ങളിൽ മനസിൽ രോഗമുള്ളവരെ പിശാച് കീഴ്പ്പെടുത്തുകയും, ആ യുവാവുമായി സുഖിക്കുകയും ചെയ്തേക്കാം, തെറ്റിലേക്ക് നയിക്കുന്ന ആത്മാവ് അവിടെ ശക്തി പ്പെടുകയാണ് ചെയ്യുന്നത്. അങ്ങിനെ അവരിൽ നൻമയുടെ വാതിലുകൾ കൊട്ടിയടക്കുകയും ചെയ്യുന്നു.
ഇബ്നുൽ ഹാജ് പറയുന്നു: "സലഫുകളിൽ പെട്ട ചിലർ പറഞ്ഞിട്ടുണ്ട്: ഒരു യുവാവിനെ വിശ്വസിക്കുന്നതിനേക്കാൾ എനിക്ക് ഏറ്റവും ഇഷ്ടമുള്ളത് എഴുപത് കന്യകമാരെ വിശ്വസിക്കുന്നതാണ്, ഇതിൻെറ ആശയം വളരെ വ്യക്തമാണ്. കാരണം ഒരു യുവാവിന് വിപരീതമായി സംസ്കാര സമ്പന്നയായ കന്യക തൻെറ ശരീരത്തെ മറ്റുള്ളവരുടെ നോട്ടം മുതൽ തടഞ്ഞ് നിറുത്തുകയും സംരക്ഷി ക്കുകയും ചെയ്യുന്നു. നോട്ടം എന്നുള്ളത് അമ്പാകുന്നു. എന്നാൽ കന്യകക്ക് വിപരീതമായി യുവാവ് അതിനെ സംരക്ഷിക്കുകയില്ല, പാപങ്ങൾ വലുതാണെങ്കിൽ തൻെറ കാലുകൾ കൊണ്ടും, തന്ത്ര ങ്ങൾ കൊണ്ടും അതിലേക്ക് വലിയച്ചഴക്കുകയും, അതിന് വേണ്ടി ധാരാളം തന്ത്രങ്ങൾ പ്രയോഗിക്കുകയും ചെയ്യുകയെന്നത് പിശാചി ൻെറ ചര്യയിൽ പെട്ടതാണ്)

4- സ്ത്രീകളുമായുള്ള ഫിത്ന: ചില പുരുഷൻമാർ സ്ത്രീകളെ നോക്കുകയും, അവരെ കാണുകയും ചെയ്യുന്നു. അതോടൊപ്പം തന്നെ സ്ത്രീകളുടെ ശബ്ദത്തിലൂടെയും, കയ്യടിയിലൂടെയും മറ്റും ഫിത്ന വർദ്ദിക്കുകയും, അങ്ങിനെയത് വലിയ ഫിത്നക്ക് കാരണമാവുകയും ചെയ്തേക്കാം.

5- സ്ത്രീകളുടെ വിശ്വാസങ്ങളിൽ ഫിത്നയുണ്ടാക്കുന്നു. കാരണം സ്ത്രീകൾ മൗലിദിൽ പങ്കെടുക്കുന്നത് അവരുടെ നേതാത്തിയോ ടൊപ്പമായിരിക്കും, അവർ അല്ലാഹുവിൻെറ ഗ്രന്ഥത്തിന് യോജിക്കാ ത്ത രൂപത്തിൽ പ്രവാചക കഥകൾ മെനഞ്ഞുണ്ടാക്കുകയും ചെയ്യുന്നു, ഇങ്ങനെയുണ്ടാക്കുന്ന കഥകൾ ചിലപ്പോൾ വ്യക്തമായ ശിർക്കി ലധിഷ്ടിതമായിരിക്കും, പക്ഷേ, അവരത് അറിയുന്നില്ല. കാരണം അവർക്ക് നല്ലതെന്താണ് ചീത്തയെന്താണ് എന്നും, കളവ് ഏതാ ണെന്നും, സത്യമേതാണെന്നും വിവേചിച്ചറിയുവാൻ സാധ്യമല്ല. അ ങ്ങിനെ വിശ്വാസിനികളായി പ്രവേശിക്കുന്ന സ്ത്രീകൾ വിശ്വാസ ങ്ങളിലും, മതത്തിൻെറ പല കാര്യങ്ങളിലും ഫിത്നയിലകപ്പെട്ട് കൊണ്ടാണ് തിരിച്ചു വരുന്നത്.

6- സ്ത്രീകൾ മഖ്ബറകളിലേക്ക് പുറപ്പെടുകയും, അന്യപുരുഷൻ മാരുമായി കൂടിക്കലരൽ പോലെയുള്ള നിഷിദ്ധങ്ങളും, തിൻമകളും ചെയ്യുവാൻ കാരണമായി തീരുകയും ചെയ്യുന്നു. ഖബറിടങ്ങളിൽ കെട്ടിടമുണ്ടാക്കുകയും, അവിടെ ഉൽസവങ്ങൾ നടത്തപ്പെടുകയും ചെയ്യുന്നത്കൊണ്ടുള്ള കുഴപ്പങ്ങളെ സംബന്ധിച്ച് ഇബ്നുൽ ഹാജ് വിശദീകരിക്കുന്നത് കാണുക: (കെട്ടി ഉയർത്തപ്പെട്ട മഖ്ബറകൾ തച്ചുടക്കുന്നതിൽ ശറഇയായ കൽപന നാം നടപ്പിലാക്കുക യാണെങ്കിൽ ഈ അനാചാരങ്ങളും നിഷിദ്ധങ്ങളും തടയുവാൻ സാധിക്കുന്നതാണ്. ജനങ്ങൾക്ക് ആ കൽപന തന്നെ മതിയാ വുന്നതുമാണ്) വീണ്ടും പറയുന്നു: (മഖ്ബറകളിലുള്ള കെട്ടിടങ്ങളും, എടുപ്പുകളും കാരണം ശറഇയായ നിയമങ്ങൾക്ക് എതിരായതും, യാതൊരു നൻമയുമില്ലാത്ത ഒരുപാട് കാര്യങ്ങൾ അവിടങ്ങളിൽ നടമാടുന്നു)

7- മതപരമായ യാതൊരു ആവശ്യവുമില്ലാതെ സ്ത്രീകൾക്ക് പുറത്തിറങ്ങുവാനുള്ള വാതിൽ തുറന്ന് കൊടുക്കുകയാണ് ചെ യ്യുന്നത്. ഇത് യുക്തിസഹമായ ശറഅ് വിരോധിച്ചതാകുന്നു. അല്ലാഹു പറയുന്നു:

(وَقَرْنَ فِي بُيُوتِكُنَّ وَلا تَبَرَّجْنَ تَبَرُّجَ الجَاهِلِيَّةِ الأُولَى) [الأحزاب:٣٣]

''നിങ്ങൾ നിങ്ങളുടെ വീടുകളിൽ അടങ്ങിക്കഴിയുകയും ചെയ്യുക. പഴയ അജ്ഞാനകാലത്തെ സൗന്ദര്യപ്രകടനം പോലുള്ള സൗന്ദര്യപ്രകടനം നിങ്ങൾ നടത്തരുത്.'
സ്ത്രീകൾ യാതൊരു ആവശ്യവുമില്ലാതെ പുറത്തിറങ്ങുകയെന്നത് പഴയ അജ്ഞാന കാലത്തെ പ്രവർത്തനങ്ങൾ തന്നെയാണ്.

8- ഈ രാത്രിയിൽ ചെയ്യുന്ന പ്രവർത്തങ്ങൾ മുഖേന നൻമകളെ തിൻമകളാക്കുകയും, നിൻമകളെ നൻമകളാക്കി മാറ്റുകയും ചെയ്യുന്നു.

9- പ്രവാചകൻ(ﷺ) താക്കീത് നൽകിയ കാര്യത്തിൻെറ പരിധിയിൽ വരുന്ന കെട്ടിയുണ്ടാക്കിയ കള്ള ഹദീസുകൾ റിപ്പോർട്ട് ചെയ്യ പ്പെടുകയും ചെയ്യുന്നു. നബി(ﷺ) പറയുന്നു:

{من كذب علي متعمداً فليتبوأ مقعده من النار} [رواه البخاري (١٠٧) ومسلم (٢)]،

"മന:പൂർവ്വം ആരെങ്കിലും എൻെറ പേരിൽ കള്ളം പറഞ്ഞാൽ നരക ത്തിൽ അവൻെറ ഇരിപ്പിടം അവർ ഒരുക്കട്ടെ" (ബുഖാരി, മുസ്ലിം)

وقوله صلى الله عليه وسلم: {من حدَّث عني بحديث يُرى أنه كذب فهو أحد الكاذبين} [أخرجه مسلم في المقدمة (ص:٩)].

നബി(സ) പറയുന്നു: "കളവാണെന്നറിഞ്ഞുകൊണ്ട് എന്റെ പേരിൽ ആരെങ്കിലും ഒരു ഹദീസ് പറയുകയാണെങ്കിൽ അവൻ രണ്ടിലൊരു കള്ളനാകുന്നു" (മുസ്‌ലിം തന്റെ മുഖദ്ദിമയിൽ ഉദ്ദരിച്ചത്)

10- ജുമുഅ: ദിവസത്തോട് താരതമ്യം ചെയ്ത് ഈ ദിനത്തിൽ ഒരു സമയമുണ്ട്, ആ സമയത്ത് പ്രാർത്ഥിച്ചാൽ ആ പ്രാർത്ഥനക്ക് ഉത്തരം ലഭിക്കുമെന്ന് അവർ വിശ്വസിക്കുന്നു. ഇത് നീചമായ കളവും, കള്ളം കെട്ടിചമക്കലുമാണ്.

11- വ്യക്തമായ ശിർക്കിന്റെ ആശയങ്ങളടങ്ങിയ കവിതകൾ ഉപയോഗിച്ച്കൊണ്ട് പ്രവാചകൻ(സ)യെ പുകഴ്ത്തിപാടുന്നു. അവർ പറയുന്ന വാചകങ്ങളിൽ പെട്ടതാണ് താഴെ കൊടുത്തത്:

يا أكرمَ الخلقِ ما لي من ألوذُ به سواكَ عند حلولِ الحادثِ العمِمِ

إن لم تكنْ في معادي آخِذاً بِيدي فَضلاً وإلَّا فقلْ يا زلةَ القدمِ

فإنَّ من جودِك الدنيا وضرَّتَها ومن علومِك علمُ اللوحِ والقلمِ

അർത്ഥം: (പ്രയാസങ്ങളും ബുദ്ധിമുട്ടുകളുമുണ്ടാകുമ്പോൾ സൃഷ്ടികളിൽ ഉത്തമരായ പ്രവാചകരെ, അങ്ങിലേക്കല്ലാതെ ഞങ്ങൾ ആരിലേക്കാണ് അഭയം പ്രാപിക്കുക,
എന്റെ മടക്ക സമയത്ത് താങ്കളെന്റെ കൈ പിടിച്ചില്ലായെങ്കിൽ, എന്റെ പാദം വഴുതിപോയിയെന്ന് ഞാൻ പറയും,
ഇഹലോകവും, അതിലുള്ളതും താങ്കളുടെ ഔദാര്യത്തിൽ പെട്ടതാണ്, ഖലമിന്റെയും, ലൗഹിന്റെയും അറിവ് താങ്കളുടെ അറിവിൽ പെട്ടതാകുന്നു).
അല്ലാഹുവാണ ഏറ്റവും വലിയവൻ! അവർ വിശേഷിപ്പിക്കുന്നതിനെ തൊട്ട് അല്ലാഹു പരമ പരിശുദ്ധൻ!! അവർ പങ്ക് ചേർക്കുന്നതിൽ നിന്ന് അല്ലാഹു എത്രയോ ഉന്നതാണ്!!.
അടിമക്ക് പ്രയാസങ്ങളും, ബുദ്ധിമുട്ടുകളും ഉണ്ടാകുമ്പോൾ ആരിലേക്കാണ് അവൻ അഭയം പ്രാപിക്കേണ്ടത്? തീർച്ചയായും ലോക രക്ഷിതാവായ അല്ലാഹുവിലേക്കാണ്.
കഠിനമായ നരക ശിക്ഷയിൽ നിന്നും, അവസാന നാളിലെ വേദനയേറിയ ശിക്ഷയിൽ നിന്നും അടിമകളെ രക്ഷപ്പെടുത്തുന്നവൻ

ആരാണ്? തീർച്ചയായും അത് പരമകാരുണികനും, കരുണാനിധി യുമാണ്.
ആകാശഭൂമികളെയും, പ്രപഞ്ചത്തെ മുഴുവനും സൃഷ്ടിച്ചത് ആരാണ്? തീർച്ചയായും സൃഷ്ടാവും, രൂപപ്പെടുത്തുന്നവനും, എല്ലാം പടക്കുന്നവനുമായ അല്ലാഹുവാണ്.
സുരക്ഷിത ഫലകമായ ലൗഹുൽ മഹ്ഫൂളിലുള്ളത് ആരാണ് അറിയുക, അവനല്ലാതെ അവ മറ്റാറുമറിയില്ല, അതാരാണ്? തീർച്ച യായും അദൃശ്യങ്ങളെല്ലാം അറിയുന്ന അല്ലാഹുവാകുന്നു.
പ്രവാചകൻ(സ)യെ വിശേഷിപ്പിക്കുന്ന ശിർക്കടങ്ങിയ കവിത ശ്രദ്ധിക്കുക:

وَلُذْ به في كلِّ ما ترتجي فإنَّه المأمنُ والمعقِلُ

ونادِهِ إنْ أزمةٌ أنشبتْ أظفارَها واستحكمَ المعضِلُ

يا أكرمَ الخلقِ على ربه وخيرَ منْ فيهم به يُسألُ

قد مسَّني الكربُ وكمْ مرةٍ فرجتَ كرباً بعضُه يُعضِلُ

عجِّل بإذهابِ الذي أَشتكي فإنْ توقَّفتَ فمنْ ذا أَسألُ

അർത്ഥം: (പ്രയാസങ്ങൾ നേരിടുമ്പോഴെല്ലാം അദ്ദേഹത്തിൽ അഭയം തേടുക, കാരണം തിരുമേനിയാണ് അഭയം നൽകുന്നവനും, നിർഭയത്വം നൽകുന്നവനും.
ദുരിതങ്ങൾ വന്ന്തുടങ്ങുമ്പോൾ അദ്ദേഹത്തെ വിളിക്കുക, എങ്കിൽ അതിൽ നിന്ന് വിജയവും, സംതൃപ്ത പരിഹാരവും ലഭ്യമാവും.
തൻെറ റബ്ബിൻെറയടുത്ത് സൃഷ്ടികളിൽ ഉത്തമരായവരേ, ചോദി ക്കുവാൻ അർഹരായവരിൽ ഉത്തമരായവരെ.
എനിക്ക് പ്രയാസം ബാധിച്ചിരിക്കുന്നു, എത്ര പ്രാവശ്യമാണ് പ്രയാസ ങ്ങൾ നീക്കിത്തരികയും, സന്തോഷം നൽകുകയും ചെയ്തത്.
ഞാൻ സങ്കടം ബോധിക്കുന്നവനിലേക്ക് നീ ധൃതിപ്പെടുക, നീ അത് തടയുകയാണെങ്കിൽ ഞാൻ ആരോടാണ് ചോദിക്കുക).
ഇപ്രകാരമാണ് അവർ പറയുന്നതും, കെട്ടിചമക്കുന്നതും, ലോക രക്ഷിതാവിൽ പങ്ക് ചേർക്കുന്നതും. എല്ലാവരുടെയും ദൈവമായ, ഉപകാരവും ഉപദ്രവും ചെയ്യുന്നവൻ അല്ലാഹു മാത്രമാണ് പ്രയാസങ്ങൾ നീക്കുന്നതും, ബുദ്ധിമുട്ടുകൾ ദൂരീകരിക്കുന്നതും, ജീവിപ്പിക്കുന്നവനും മരിപ്പിക്കുന്നവനും, നൽകുന്നവനും, തടയുന്ന വനും, അവൻെറ കയ്യിലാണ് ആകാശ ഭൂമികൾ, അവൻ എല്ലാ ത്തിനും കഴിവുള്ളവനാകുന്നു.

അല്ലാഹുവിൻെറ പ്രവാചകൻ(ﷺ) മനുഷ്യനാണ്, അല്ലാഹുവാണ് തിരുമേനിയെ സൃഷ്ടിച്ചതും, പ്രവാചകത്വത്തിനും, രിസാലത്തിനുമായി തിരുമേനിയെ തിരഞ്ഞെടുക്കുകയും ചെയ്തത്, അല്ലാഹു മുഴുവൻ സൃഷ്ടികളേക്കാളും തിരുമേനിയെ ശ്രേഷ്ടമാക്കുകയും, ആദ രിക്കുകയും ചെയ്തു, റസൂലുല്ലാഹ് (ﷺ) തൻെറ റബ്ബിനെ പരിപൂർ ണമായി അനുസരിക്കുന്നവരായിരുന്നു, ഏറ്റവും പരിശുദ്ധവും ശ്രേഷ്ടവുമായ സ്ഥലത്ത് വെച്ച് തന്നെ കൃത്യമായ രൂപത്തിൽ അല്ലാഹുവിനെ ആരാധിക്കുവാനുള്ള അവസരം തിരുമേനിക്ക് നൽകപ്പെടുകയുണ്ടായി. അല്ലാഹു പറയുന്നു:

((وَأَنَّهُ لمَّا قَامَ عَبْدُ اللهِ يَدْعُوهُ)) [الجن:١٩]،

'അല്ലാഹുവിന്റെ ദാസൻ ( നബി ) അവനോട് പ്രാർത്ഥി ക്കുവാനായി എഴുന്നേറ്റ് നിന്നപ്പോൾ''

((فَأَوْحَى إِلَى عَبْدِهِ مَا أَوْحَى)) [النجم:١٠]

''അപ്പോൾ അവൻ ( അല്ലാഹു ) തന്റെ ദാസന് അവൻ ബോധനം നൽകിയതെല്ലാം ബോധനം നൽകി'.

((سُبْحَانَ الَّذِي أَسْرَى بِعَبْدِهِ لَيْلًا..)) [الإسراء:١].

''തന്റെ ദാസനെ ( നബിയെ ) ഒരു രാത്രിയിൽ മസ്ജിദുൽ ഹറാമിൽ നിന്ന് മസ്ജിദുൽ അഖ്സായിലേക്ക് – അതിന്റെ പരിസരം നാം അനുഗൃഹീതമാക്കിയിരിക്കുന്നു– നിശായാത്ര ചെയ്യിച്ചവൻ എത്രയോ പരിശുദ്ധൻ!'

ويقول النبي صلى الله عليه وسلم: {إنما أنا عبد فقولوا: عبد الله ورسوله}.

നബി(ﷺ) പറയുന്നു: (തീർച്ചയായും ഞാൻ അടിമയാണ്, അല്ലാഹു വിൻെറ അടിമയെന്നും, അവൻെറ റസൂലെന്നും നിങ്ങൾ പറയുക) എന്നാൽ മൗലൂദാഘോഷിക്കുന്നവർ നബി(ﷺ)യെ അദ്ദേഹത്തിൻെറ സ്ഥാനത്തേക്കാൾ ഉയർത്തുകയും, ആകാശഭൂമികളുടെ റബ്ബിനല്ലാതെ യോജിക്കാത്ത ദൈവികമായ വിശേഷണങ്ങൾ നല്കുകയും ചെയ്യുന്നു, അങ്ങിനെ അദ്ദേഹത്തോട് പ്രാർത്ഥിക്കുകയും, അദ്ദേഹ ത്തിലേക്ക് ഭയഭക്തി കാണിക്കുകയും ചെയ്യുന്നു,

فإنا لله وإنا إليه راجعون

(നാം അല്ലാഹുവിൽ നിന്നാണ്, നാം അവനിലേക്ക് തന്നെ മടങ്ങുക തന്നെ ചെയ്യുന്നതാണ്.) ഈ കാലത്ത് യഥാർത്ഥ മതം അപരിചിതത്തിലേക്ക് നീങ്ങിയിരിക്കുന്നു, അല്ലാഹുവിൽ പരാതിപ്പെടുന്നു, അവനിലേക്ക് മാത്രം അഭയം പ്രാപിക്കുന്നു, ഞങ്ങൾക്ക് അല്ലാഹു മതി, ഭരമേൽപിക്കുവാൻ ഏറ്റവും നല്ലത് അവനത്രെ.

12- മൗലിദാഘോഷം സംഘടിപ്പിക്കുന്നതിലുള്ള തിൻമകളിൽ പെട്ടതാണ്:(الغزة) (ഗസ്സ) എന്ന പേരിലറിയപ്പെടുന്ന പരിപാടി. ഇതു കൊണ്ട് അവർ ഉദ്ദേശിക്കുന്നത് പ്രവാചകൻ(ﷺ) ദുൻയാവിലേക്ക് പിറന്ന് വീണ സന്ദർഭത്തെയും, ജനനത്തെയും പറ്റി പറയുമ്പോൾ പെട്ടെന്ന് അവരെല്ലാം എഴുന്നേറ്റ് നിൽക്കുന്നു. ഇതിന്(الحضرة) ഹാളിറാവുകയെന്നും പറയുന്നു. അവരിൽ അധികമാളുകളും വിശ്വസിക്കുന്നത് നബി(ﷺ)യുടെ ആത്മാവ് അവിടെ സന്നിഹിതരാവുമെന്നാണ്. മാത്രമല്ല, അവർ ഉച്ചത്തിൽ ഹാളിറാവുക, ഹാളിറാവുകയെന്ന് വിളിച്ച് പറയുകയും, ജനവാതിൽ നബി(സ)യുടെ ആത്മാവിന് പ്രവേശിക്കുവാൻ തുറന്നിട്ട് കൊടുക്കുകയും ചെയ്യുന്നു!!. ഇതിലൂടെ അവർ ബിദ്അത്തും റസൂലുല്ലാഹ്(ﷺ)യോടുള്ള അനാദരവുമാണ് ഒരുമിച്ച് കൂട്ടിയിരിക്കുന്നത്.

നബി(ﷺ) വരുമ്പോൾ എഴുന്നേറ്റ് നിൽക്കുകയെന്നത് ജീവിത കാലത്ത് തന്നെ വിരോധിച്ച സംഗതിയാണ്, സ്വഹാബാക്കൾ ഒരിക്കൽ അങ്ങിനെ ചെയ്തപ്പോൾ തിരുമേനി അതിനെ വെറുക്കുകയും, വിരോധിക്കുകയും ചെയ്തിരുന്നു, പിന്നെയെങ്ങിനെ പ്രവാചക ജൻമദിനാഘോഷവേളയിൽ അങ്ങിനെ എഴുന്നേറ്റ് നിൽക്കുന്നത് പുണ്യകരമാവും!!?

قال أبو أمامة الباهلي رضي الله عنه: خرج علينا رسول الله صلى الله عليه وسلم متوكئاً على عصا، فقمنا إليه، فقال: {لا تقوموا كما تقوم الأعاجم يعظم بعضهم بعضاً} [رواه أحمد (٢١٦٧٧)، وأبو داود (٥٢٣٠)].

അബൂഉമാമ അൽ ബാഹിലി(റ) പറയുന്നു: റസൂലുല്ലാഹ്(സ) ഒരു വടിയിൽ ഊന്നിക്കൊണ്ട് ഞങ്ങൾക്കരികിലേക്ക് വന്നു, അങ്ങിനെ അദ്ദേഹത്തിന് വേണ്ടി ഞങ്ങൾ എഴുന്നേൽക്കുകയുണ്ടായി, അപ്പോൾ റസൂലുല്ലാഹ്(ﷺ) പറയുകയുണ്ടായി: അനറബികൾ ചിലരെ ആദരിക്കുവാനായി ചിലർ എഴുന്നേൽക്കുന്നത് പോലെ എഴുന്നേൽക്കരുത്

(അഹ്മദ്, അബൂദാവൂദ്) പ്രവാചകൻ(ﷺ)ക്ക് വേണ്ടി എഴുന്നേൽക്കുന്നത് വെറുക്കുകയും, അത് വിരോധിക്കുകയും, അത് മറ്റുള്ളവരുടെ ചര്യയുമാണെന്ന് വ്യക്തമാക്കുകയും ചെയ്തിട്ടുണ്ടെങ്കിൽ അതെങ്ങിനെയാണ് പ്രവാചകൻ(ﷺ) ജനിച്ച സമയത്തെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ എഴുന്നേൽക്കുന്നത് പുണ്യകരമാവുന്നത്? ഇതാണ് നിഷിദ്ധമാകാൻ കൂടുതൽ അർഹതയുള്ളത്, കാരണം അത് ബിദ്അത്തും, മറ്റുമതസ്ഥരോട് സാദൃശ്യപ്പെടലുമാണ്.

13- ജനങ്ങൾ ഇവിടം കൊണ്ട് അവസാനിപ്പിക്കുന്നില്ല, മറിച്ച് അവർ വാദിക്കുന്നത് പ്രവാചകൻ(ﷺ)യുടെ ജന്മദിനത്തെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോൾ തിരുനബിയുടെ ആത്മാവ് അവിടെ ഹാളിറാവുകയും, ആ സദസ്സിൽ ഒരുമിച്ച് കൂടിയവർക്ക് കൈ കൊടുക്കുമെന്നും അവർ വിശ്വസിക്കുന്നു.!! വിശ്വാസ ജീർണതക്കും, ചീത്തവും, നിന്ദ്യവുമായ ഉദ്ദേശത്തിന് ഉദാഹരണമാണ് ഈ കാര്യം. അതുപോലെ അവരുടെ അവിവേകത്തിനും, ബുദ്ധിമാന്ദ്യത്തിനും, അവരുടെ വിശ്വാസത്തിനനുസരിച്ച് അവർ പ്രവർത്തിക്കുകയും ചെയ്യുന്നുവെന്നതിനും കൂടി തെളിവാണിത്. ഒരുപാട് വർഷങ്ങൾക്ക് മുമ്പ് മരിച്ച്പോയ പ്രവാചകൻ(ﷺ) എങ്ങിനെയാണ് അവരുടെ സദസ്സിൽ ഹാജറാവുക? അവസാന നാൾ വരെ തിരുമേനി തന്റെ ഖബറിൽ നിന്ന് ഒരിക്കലും പുറത്ത് വരില്ല, ജനങ്ങളിൽ ആരുമായും ബന്ധപ്പെടുകയില്ല, അവരുടെ സദസ്സുകളിൽ ഹാജറാവുകയുമില്ല, മറിച്ച് തിരുമേനി(ﷺ) തന്റെ ഖബറിലാണുള്ളത്, അനുഗ്രഹീതമായ ദാറുൽ കറാമയിൽ ഹില്ലീയ്യീനിലാണ് തിരുമേനിയുടെ ആത്മാവും.

പ്രവാചകൻ(ﷺ) വഫാത്തായി തന്റെ ബർസഖിയായ ജീവിതത്തിലാണ്, അതാണ് അല്ലാഹു പറയുന്നത്:

((إِنَّكَ مَيِّتٌ وَإِنَّهُمْ مَيِّتُونَ)) [الزمر:٣٠]

"തീർച്ചയായും നീ മരിക്കുന്നവനാകുന്നു. അവരും മരിക്കുന്നവരാകുന്നു'.

وقال صلى الله عليه وسلم: {أنا أول من ينشق عنه القبر يوم القيامة}.

റസൂലുല്ലാഹ്(ﷺ) പറഞ്ഞു: (അവസാന നാളിൽ ആദ്യമായി ഖബർ പിളർത്തി വരുന്നത് താനായിരിക്കും)

ഈ തെളിവുകളെല്ലാം തന്നെ വ്യക്തമാക്കുന്നത് നബി(ﷺ)യും, മരണപ്പെട്ട്പോയ മറ്റുള്ളവരും എല്ലാം തന്നെ അവസാനനാളിൽ അവരുടെ ഖബറുകളിൽ നിന്ന് പുറത്ത് വരുന്നതാണ്, ഈ കാര്യത്തിൽ മുസ്‌ലിം സമുദായം മുഴുവനും യോജിച്ചിരിക്കുന്നു, ഇതിൽ യാതൊരു അഭിപ്രായ വ്യത്യാസമില്ല.

**14- ജന്മദിനാഘോഷത്തിൽ സംഭവിക്കുന്ന തിൻമകളിൽ പെട്ടതാണ് ഒരേ ശബ്ദത്തിൽ കൂട്ടമായുള്ള ദിക്റുകൾ.**

ഇവിടെയുള്ള ഇസ്‌ലാമിക നിയമം താഴെ വരുന്ന പ്രകാരമാണ്: ഒരേ ശബ്ദത്തിലുള്ള കൂട്ടമായ ദിക്റുകൾ, അത് പതുക്കെയാവട്ടെ, ഉറക്കെയാവട്ടെ, ആ ദിക്റുകൾ ശരീഅത്തിൽ ഉള്ളതാവട്ടെ, ഇല്ലാത്തതാവട്ടെ, അത് കൂടിയ ആളുകൾ മുഴുവനും ഉരുവിടുന്നതാകട്ടെ ചിലർ മാത്രം ഉരുവിടട്ടെ, കൈകൾ ഉയർത്തുകയോ ഉയർത്താതിരിക്കുകയോ ചെയ്യട്ടേ ഏത് രൂപത്തിലായിരുന്നാലും ശരി അതിന് ഖുർആനും തിരുസുന്നത്തും പ്രമാണങ്ങളായ ശരീഅത്തിൽ തെളിവ് ആവശ്യമാണ്, കാരണം അത് ആരാധനയിൽ പെട്ടതാണ്, ആരാധനയാകട്ടെ, തെളിവിലും പ്രവാചക പിൻപറ്റലിലും നിർണ്ണിതമാണ്, അതിൽ പുതുനിർമ്മിതിയോ, ബിദ്അത്തുകളോ പ്രവേശിപ്പിക്കാൻ പാടില്ല. ആയതിനാൽ തന്നെ ഇങ്ങിനെയുള്ള കൂട്ടമായ ദിക്റുകൾക്കുള്ള തെളിവുകൾ പരിശോധിക്കുകയാണെങ്കിൽ അത് മതത്തിലില്ലാത്ത പുതുനിർമ്മിതിയായ ബിദ്അത്താണെന്ന് വ്യക്തമായി മനസിലാക്കുവാൻ സാധിക്കുന്നതാണ്. വിശുദ്ധമായ ശരീഅത്തിൽ അതിന് യാതൊരു അടിസ്ഥാനവുമില്ല. അത്കൊണ്ട് തന്നെ കൂട്ടമായുള്ള ദിക്റുകളും, പ്രാർത്ഥനകളും ബിദ്അത്താണ്, ഓരോ മുസ്‌ലിമും റസൂലുല്ലാഹ്(സ)യെ പിൻപറ്റിക്കൊണ്ട് അത് ഉപേക്ഷിക്കലും, അതിൽ നിന്ന് വിട്ട് നിൽക്കലും, ശരീഅത്തിനെ മുറുകെ പിടിക്കലും അനിവാര്യമാണ്.

ഒരേ ശബ്ദത്തിലുള്ള കൂട്ടമായ ദിക്റുകൾ -അത് നിരുപാധികം അല്ലാഹുവിൻെറ പേര് വിളിച്ച് കൊണ്ടാവട്ടെ, അല്ലെങ്കിൽ അല്ലാഹുവിൻെറ ഏതെങ്കിലും നാമം ഉരുവിട്ട് കൊണ്ടാവട്ടെ, ഉദാഹരണമായി അല്ലാഹ്, അല്ലാഹ് പോലെയുള്ള നാമങ്ങൾ...- ബിദ്അത്താണ്, റസൂലുല്ലാഹ്(ﷺ) തൻെറ സമൂഹത്തിന് വിശദമാക്കി കൊടുത്ത ശരീഅത്തിന് വിപരീതവുമാണ്.

അതുപോലെ തന്നെ ദിക്റുകൾ ഉരുവിടുമ്പോൾ ആടുന്നതും, അതിന് ശേഷം സുജൂദ് ചെയ്യുന്നതും, സൂറത്തുൽ ഫാത്വിഅ:

പോലെയുള്ള സൂറത്തുകൾ പാരായണം ചെയ്യുന്നതും ബിദ്അ ത്താണ്, കാരണം അത് പ്രവാചകനോ, സ്വഹാബാക്കാളോ, താബി ഉകളോ ചെയ്തിട്ടില്ല.

കൂട്ടമായ ദിക്റുകൾ മതനിയമത്തിൽ പെട്ടതല്ല, അതുപൊലെ സഹായക ക്രിയ ഉപയോഗിച്ച് കൊണ്ടുള്ള ദിക്റുകളും, ഉദാഹര ണമായി: (هو.. هو) (അവൻ, അവൻ) അല്ലെങ്കിൽ (يا هو.. يا هو) പോ ലെയുള്ള ദിക്റുകൾ സൂഫിയാക്കൾ തങ്ങളുടെ സദസ്സുകളിലും, ജൻമദിനാഘോഷ പരിപാടികളിലും ഉപയോഗിക്കുന്നതാണ്, ഇത് ബിദ്അത്താണ്, പുതുനിർമ്മിതിയാണ്.

മേൽ വിവരിച്ചതിൽ നിന്നും നമുക്ക് വ്യക്തമാവുന്നത് ഇ ങ്ങനെയുള്ള ആഘോഷങ്ങളിൽ നടത്തപ്പെടുന്ന ഒരേ ശബ്ദത്തിലുള്ള അല്ലാഹ്, അല്ലാഹ്, അല്ലെങ്കിൽ അവൻ അവൻ പോലെയുള്ള കൂട്ടമായുള്ള ദിക്റുകൾ പ്രവാചകൻ(ﷺ)യുടെ കാലത്തോ, ഖുലഫാഉർറാശിദുകളുടെയോ, സ്വഹാബികളുടേയോ, താബിഉക ളുടേയോ കാലത്ത് ഇല്ലാത്ത ബിദ്അത്തും, തിൻമയുമാണ്. അത് കൊണ്ട് തന്നെ അത് വഴികേടിലേക്കെത്തിക്കുന്ന ബിദ്അത്താകുന്നു.

**<u>നീചവും, നിന്ദ്യവുമായ ഈ ബിദ്അത്തായ ആഘോഷത്തിലുള്ള ചീത്തയായ ഫലങ്ങൾ:</u>**

1- റസൂലുല്ലാഹ്(ﷺ) പഠിപ്പിക്കാത്ത രൂപത്തിൽ അല്ലാഹുവിനെ ആരാധിക്കുകയാണ് ചെയ്യുന്നത്, അതിനാൽ തന്നെ അത് വഴി കേടാണ്.

2- ഇസ്ലാമിക ശരീഅത്തിൻെറ സമ്പൂർണതയേയും, പരിപൂർണ തയേയും നിഷേധിക്കുക. അല്ലാഹു പറയുന്നു:

((الْيَوْمَ أَكْمَلْتُ لَكُمْ دِينَكُمْ وَأَتْمَمْتُ عَلَيْكُمْ نِعْمَتِي وَرَضِيتُ لَكُمُ الإِسْلامَ دِينًا)) [المائدة:٣].

“ഇന്ന് ഞാൻ നിങ്ങൾക്ക് നിങ്ങളുടെ മതം പൂർത്തിയാക്കി തന്നിരിക്കുന്നു. എന്റെ അനുഗ്രഹം നിങ്ങൾക്ക് ഞാൻ നിറവേറ്റിത്തരികയും ചെയ്തിരിക്കുന്നു. മതമായി ഇസ്ലാമിനെ ഞാൻ നിങ്ങൾക്ക് തൃപ്തിപ്പെട്ട് തന്നിരിക്കുന്നു’.

3- നബി(ﷺ)യുടെ അമാനത്തിൽ ഭംഗം വരുത്തുന്നു. തിരുമേനി തൻെറ അമാനത്ത് പരിപൂർണമാക്കിയില്ല, തൻെറ സമൂഹത്തെ ഉപദേശിച്ചില്ലായെന്ന് വാദിക്കുകയാണ് ചെയ്യുന്നത്.

4- നോമ്പ് തടയപ്പെടുകയും, നിഷിദ്ധമാക്കുകയും ചെയ്യുന്ന രൂപത്തിൽ ഈ ദിവസത്തെ ആഘോഷമാക്കി മാറ്റി. ഈ രൂപത്തിൽ ഇബ്നു അബ്ബാദ്, ഇബ്നു ആശിർ പോലെയുള്ളവർ ഫത്വ നൽകിയിരിക്കുന്നു. അത് ഖത്വാബി തൻെറ മവാഹിബുൽ ജലീലിൽ (2/406)ൽ വിശദമാക്കിയിരിക്കുന്നു.

5- പ്രവാചകനെ സ്നേഹിക്കുന്ന കാര്യത്തിൽ സ്വഹാബാക്കൾക്ക് വീഴ്ച പറ്റിയിട്ടുണ്ട്, കാരണം അവർ തിരുമേനിയുടെ പേരിൽ ജന്മദിനമാഘോഷിച്ചില്ല.

6- ഈസാ(ﷺ)ൻെറ ജന്മദിനാഘോഷിക്കുന്ന ക്രൈസ്തവരോട് സാദൃശ്യപ്പെടലാണ് ഇത്. സഖാവിയുടെ 'التبر المسبوك في ذيل السلوك' എന്ന ഗ്രന്ഥത്തിൽ പറയുകയാണ്, നബി(ﷺ)യുടെ ജന്മദിനത്തിന് തന്നെ ആഘോഷം സംഘടിപ്പിക്കണമെന്ന് വ്യക്തമാക്കുന്ന സന്ദർഭത്തിൽ പറയുന്നു: (കുരുശിൻെറ ആളുകൾ അവരുടെ നബിയുടെ ജനനദിവസം വലിയ ആഘോഷമാക്കി മാറ്റിയെങ്കിൽ ഇസ്ലാമിൻെറ ആളുകൾ അവരുടെ നബിയുടെ ജൻമദിനം ആഘോഷിക്കൽ ഒന്നുകൂടി അർഹരാണ്) മുല്ലാ അലി അൽ ഖാരി തൻെറ المورد الروي في المولد النبوي എന്ന ഗ്രന്ഥത്തിൽ പറയുന്നു: (അതിന് മറുപടിയായി വേദഗ്രന്ഥത്തിൻെറ ആളുകളോട് എതിരാവാൻ നാം കൽപിക്കപ്പെട്ടിരിക്കുന്നു) (പേജ്:29-30)

7- പ്രവാചക ജൻമദിനം ലൈലത്തുൽ ഖദ്റിനേക്കാൾ ശ്രേഷ്ടമാണെന്ന വിശ്വാസം, ഇത് കസ്ത്വല്ലാനിയുടെ വാദമാണ്, ഇതിന് മുല്ലാ അലി അൽ ഖ്വാരി മറുപടി പറയുന്നു: (ഖസ്ത്വല്ലാനി വിചിത്രമായ വാദമാണ് അവതരിപ്പിച്ചിട്ടുള്ളത്: റസൂലുല്ലാഹ് (ﷺ)യുടെ ജന്മദിനം ലൈലത്തുൽ ഖദ്റിനേക്കാൾ ഉത്തമമാണെന്ന വാദം അടിസ്ഥാന രഹിതമാണെന്ന് മൂന്ന് കാര്യങ്ങൾ കൊണ്ട് വ്യക്തമാണ്, ഒന്ന്: വ്യക്തമായി തെളിയിക്കുവാൻ സാധ്യമല്ല, രണ്ട്: ശ്രേഷ്ടമായ ദിവസങ്ങളിൽ ആരാധനകൾ കൊണ്ടല്ലാതെ ശ്രേഷ്ടത ലഭ്യമാവില്ല. നബിദിനത്തിൽ ഏതെല്ലാം ആരാധനകളാണ് നിയമമാക്കിയത്? മൂന്ന്: ലൈലത്തുൽ ഖദ്റിൻെറ ശ്രേഷ്ടത ഖണ്ഡിത

മായ ഖുർആനിക ആയത്ത് കൊണ്ട് വ്യക്തമാണ്. അല്ലാഹു പറയുന്നു:

((لَيْلَةُ الْقَدْرِ خَيْرٌ مِنْ أَلْفِ شَهْرٍ)) [القدر:٣]

**"നിർണയത്തിന്റെ രാത്രി ആയിരം മാസത്തെക്കാൾ ഉത്തമമാകുന്നു.'**

ഈ പ്രത്യേകതകളൊന്നും തന്നെ പ്രവാചകൻ ജനിച്ച ദിവസത്തിനുള്ളതായി അറിയില്ല, ഖുർആനിലോ, സുന്നത്തിലോ അതിന് യാതൊരു തെളിവുമില്ല, സമുദായത്തിലെ ഒരു പണ്ഡിതനും അതിനെ സംബന്ധിച്ച് പുണ്യമാണെന്ന് വ്യക്തമാക്കിയിട്ടുമില്ല.)

അവസാനം: ജന്മദിനാഘോഷങ്ങളിൽ ഒട്ടനവധി തിൻമകൾ ഒളിഞ്ഞും, തെളിഞ്ഞും കിടക്കുന്നുണ്ട്, അതിൻെറ വിശാലമായ വൃത്തത്തിനുള്ളിൽ ഒരുപാട് അനാചാരങ്ങൾ വ്യാപിക്കുന്നുമുണ്ട്. അന്യസ്ത്രീ പുരുഷൻമാർ ഭക്ഷണം പാനീയങ്ങൾ ഉപയോഗിക്കുന്ന സന്ദർഭങ്ങളിലും, അല്ലാത്തയവസ്ഥകളിലും കൂടിക്കലരുകയും ചെയ്യുന്നു. അങ്ങിനെ വ്യഭിചാരം, സ്വവർഗരതി, പുകവലി, ലഹരിമരുന്നിൻെറ ഉപയോഗം, ചീത്തയും, വൃത്തികേടുകൾ നിറഞ്ഞതുമായ സംഗീതവും പോലെയുള്ള നിഷിദ്ധങ്ങൾ അധികരിക്കുകയും ചെയ്യുന്നു. അങ്ങിനെ നൻമ നിറഞ്ഞ മനസിനെ ഉപേക്ഷിച്ച് യാതൊരു നിയമവും ബാധകമല്ലാത്ത രൂപത്തിലുള്ള വൃത്തികെട്ട മനസിൻെറ ഉടമകളാവുകയാണ് ചെയ്യുന്നത്. പള്ളികൾ മലീമസമാക്കുകയും, നമസ്കാരത്തിൻെറയും, ജമാഅത്തിൻെറയും സമയങ്ങൾ തെറ്റിക്കുകയും, ചെയ്യുന്നു. അതുപോലെ ഇങ്ങനെയുള്ള പരിപാടികളിൽ പങ്കെടുക്കുന്നത് വ്യത്യസ്ത വിശ്വാസങ്ങൾ ഉൾകൊള്ളുന്നവരായിരിക്കും, അങ്ങിനെ അവരത് പരസ്പരം കൈമാറുകയും ചെയ്യും. മാതാപിതാക്കളെ പരിപാലിക്കുവാൻ പിശുക്ക് കാണിക്കുന്നവർ ഈ അനാചാരത്തിനായി കയ്യയച്ച് ചില വഴിക്കുന്നതും നമുക്ക് കാണാം. ഇങ്ങനെയുള്ള തിൻമകളും, അനാചാരങ്ങളും ഈ ബിദ്അത്തായ മൗലിദിലും, അതിനോടനുബന്ധിച്ചുള്ള ആഘോഷങ്ങളിലുമുണ്ടാകുന്നതാണ്. ഇങ്ങനെയുള്ള അനാചാരങ്ങൾ ഉണ്ടാക്കുവാൻ അല്ലാഹു ആർക്കും തന്നെ അനുവാദം നൽകിയിട്ടില്ല. കാര്യങ്ങൾ ഇങ്ങനെയായിരിക്കെ നബി(സ)യെ കൂടുതൽ സ്നേഹിക്കുന്നതും, ഓർമ്മിക്കുന്നതും അവരാണെന്നാണ് അവർ വാദിച്ച് കൊണ്ടിരിക്കുന്നത്. ഇതെന്തൊരു വിരോധാഭാസമാണ്.!!

മുകളിൽ നാം വിശദീകരിച്ച തിൻമകളെല്ലാം തന്നെ ഒഴിവായാലും ശരി ഈ ആഘോഷം പാടെ ഉപേക്ഷിക്കൽ അനി

വാര്യമാണ്. കാരണം ദൈവിക മതനിയമങ്ങൾ അനുസരിച്ച് ജീവിക്കുന്നവരുടെ മുഖങ്ങളെ കറുപ്പിക്കുന്ന രൂപത്തിലുള്ള വ്യത്യസ്ഥയിനങ്ങളിലുള്ള നൃത്തങ്ങളും, ദിക്റിന്റെ ഹൽക്കകളും, വ്യത്തികെട്ട രൂപത്തിലുള്ള ആരാധനാ രീതികളും നിറഞ്ഞതാണ് ഈ ആഘോഷങ്ങൾ.

മൗലൂദുകളിൽ പാരായണം ചെയ്യപ്പെടുന്ന ഖുർആനിക വചനങ്ങൾ കേൾക്കുന്നവർക്ക് യാതൊരു ഉപകാരവും ചെയ്യുന്നില്ല, കാരണം അവർ അത് ശ്രദ്ധിക്കുന്നില്ല, അവരെല്ലാം പ്രതീക്ഷിക്കുകയും, കാത്തിരിക്കുകയും ചെയ്യുന്നത് സംഗീതവും, നൃത്തങ്ങളും, ഡാൻസുകളുമാണ്. അപ്രകാരം തന്നെയാണ് ചില മത സംഘടനകൾ സംഘടിപ്പിക്കുന്ന പ്രസംഗങ്ങളും, ക്ലാസുകളും അവരിൽ യാതൊ സ്വാധീനവും ചെലുത്തുന്നില്ല. ഖുർആനും തിരുസുന്നത്തും മനസിലാക്കി കൊടുക്കുവാൻ ശ്രമിക്കുന്നുവെങ്കിലും അതെല്ലാം തന്നെ പാഴായിപോകുന്ന ശ്രമങ്ങളാണ്, അവരത് ശ്രദ്ധിക്കുകയോ, ഗൗനിക്കുകയോ ചെയ്യുന്നില്ല.

മൗലൂദുകളിലും, മൗലൂദാഘോഷങ്ങളിലും ചില നൻമകളുണ്ടല്ലോ എന്ന് വാദിക്കുന്ന ചിലരുണ്ട്, അതൊന്നും തന്നെ നാം വിശദമാക്കിയ തിൻമകളെല്ലാം ഉൾകൊള്ളുന്ന മൗലൂദാഘോഷം സംഘടിപ്പിക്കുവാനുള്ള ന്യായങ്ങളല്ല, ഈ തിൻമകൾ മൗലൂദാഘോഷത്തിലുള്ള നൻമകളേക്കാൾ എത്രയോ പതിൻമടങ്ങാണ്. ഇതിൽ ശരീഅത്തിന് ഒരു നിയമമുണ്ട് അത്: ഫസാദുകൾ തടയുക എന്നതിന്നാണ് നൻമകൾ കൊണ്ടുവരുന്നത് എന്നതിനേക്കാൾ മുൻഗണന നൽകേണ്ടത്.

وصلى الله وسلم على خير خلقه نبينا محمد وآله وصحبه أجمعين

والحمد لله ربّ العالمين